**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **24-02-2026 - ൽ മറുപടിയ്ക്ക്**

**എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശപ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ശുപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാരിനോട് “Formulate an appropriate guidelines and an action plan for the adoption of sustainable development practices in the Pampa Valley Settlement area and the details of additional area to be included in the Tiger Reserve” തയ്യാറാക്കി സമർപ്പിക്കാൻ ദേശീയ വന്യജീവി ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>ഈ വിഷയത്തിൽ 19/02/2026-ൽ ബഹു. പൂഞ്ഞാർ എം.എൽ.എ, വനംവകുപ്പ മേധാവി എന്നിവർ ഉൾപ്പെടെയുള്ള ഒരു ഉന്നതതല യോഗം വനംവകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും, വിഷയം ചർച്ച ചെയ്ത്, ബഹു. എം.എൽ.എയുടെ ശുപാർശ കൂടി പരിഗണിച്ച്, കേന്ദ്ര വന്യജീവി ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനം തയ്യാറാക്കേണ്ടുന്ന മാർഗ്ഗ രേഖ ടി പ്രദേശത്തെ ജനജീവിതത്തെ ഒരു തരത്തിലും തടസ്സപ്പെടുത്താത്ത രീതിയിൽ തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച്, ടി കമ്മിറ്റിയിൽ ചർച്ച ചെയ്ത് നിർദ്ദേശം സ്വീകരിച്ച് തുടർ നടപടിയുമായി മുന്നോട്ട് പോകുന്നതിനായി തീരുമാനിച്ചിട്ടുള്ളതുമാണ്. |
| (ബി) | കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശപ്രകാരമുള്ള എന്തെല്ലാം നടപടികളാണ് | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, |

| | | | |
|---|---|---|---|
| | ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ? | | പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ശുപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാരിനോട് “Formulate an appropriate guidelines and an action plan for the adoption of sustainable development practices in the Pampa Valley Settlement area and the details of additional area to be included in the Tiger Reserve” തയ്യാറാക്കി സമർപ്പിക്കാൻ ദേശീയ വന്യജീവി ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>ഈ വിഷയത്തിൽ 19/02/2026-ൽ ബഹു. പൂഞ്ഞാർ എം.എൽ.എ, വനംവകുപ്പ മേധാവി എന്നിവർ ഉൾപ്പെടെയുള്ള ഒരു ഉന്നതതല യോഗം വനംവകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും, വിഷയം ചർച്ച ചെയ്ത്, ബഹു. എം.എൽ.എയുടെ ശുപാർശ കൂടി പരിഗണിച്ച്, കേന്ദ്ര വന്യജീവി ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനം തയ്യാറാക്കേണ്ടുന്ന മാർഗ്ഗ രേഖ ടി പ്രദേശത്തെ ജനജീവിതത്തെ ഒരു തരത്തിലും തടസ്സപ്പെടുത്താത്ത രീതിയിൽ തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച്, ടി കമ്മിറ്റിയിൽ ചർച്ച ചെയ്ത് നിർദ്ദേശം സ്വീകരിച്ച് തുടർ നടപടിയുമായി മുന്നോട്ട് പോകുന്നതിനായി തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ